# വൈദ്യുതി ബോർഡ് മാനേജ്മെന്റിന്റെ തൊഴിലാളിദ്രോഹ നടപടികൾക്കെതിരെ വൈദ്യുതി ജീവനക്കാരുടെ

# ജില്ലാ ധർണ്ണ

## 2017 മാർച്ച് 14 ചൊവ്വാഴ്ച രാവിലെ 10 മണിക്ക്
## തിരുവനന്തപുരം പവ്വർഹൗസിന് മുമ്പിൽ

സുഹൃത്തേ

കഴിഞ്ഞ പത്തുമാസക്കാലമായി അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റ് വൈദ്യുതി ബോർഡിനെയും അതിലെ തൊഴിലാളികളെയും തകർക്കുന്ന കടുത്ത ദ്രോഹനടപടികളുമായി മുന്നോട്ടു പോകുകയാണ്. എല്ലാം ശരിയാക്കി തരാമെന്ന ഗീർവാണ മുദ്രാവാക്യവുമായി അധികാരത്തിൽ കയറിയവർ സ്വന്തം നേതാവിനെയും എതിരാളികളെയും ശരിയാക്കി രസിക്കുന്നതിനപ്പുറം സമസ്തമേഖലകളിലും പരാജയമെന്ന് കൂടെനിൽക്കുന്നവർ തന്നെ പറഞ്ഞു കഴിഞ്ഞു. നിത്യോപയോഗ സാധനങ്ങളുടെ വില നിത്യേന കുതിച്ചുയരുന്നു. ക്രമസമാധാനം തകരുന്നു. സ്ത്രീപീഡനങ്ങൾ നാൾക്കുനാൾ കൂടിക്കൊണ്ടിരിക്കുന്നു. ഭരണ വിലാസ സംഘടനകളുടെ അസഹിഷ്ണുത നിമിത്തം ഭരണകൂടം നിശ്ചലമാകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു.

യു.ഡി.എഫ് ഭരിക്കുമ്പോൾ ലാഭത്തിലായിരുന്ന സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണെന്ന് വ്യാജ പ്രചരണം നടത്തി ജീവനക്കാരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കാലതാമസം വരുത്തുന്നു. നിയമനങ്ങളും പ്രമോഷനുകളും ഒന്നും തന്നെ സമയബന്ധിതമായി നടക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് പി.എസ്. സി റാങ്കുകളുടെ കാലാവധി നാലര വർഷക്കാലം വരെ നീട്ടി തൊഴിൽ രഹിതർക്ക് നിയമനങ്ങൾ നൽകിയും, അർഹമായ പ്രമോഷനുകൾ നൽകിയും പുതിയ തസ്തികകൾ അനുവദിച്ചും 5000 ത്തിൽ പരം ഉദ്യോഗാർത്ഥികൾക്ക് അവസരം ഒരുക്കിയതും മറന്നുകൂടാ..........ജീവനക്കാരുടെ ആനുകൂല്യങ്ങളെല്ലാം തന്നെ സമയബന്ധിതമായി നൽകിക്കൊണ്ടിരുന്നതും വിസ്മരിച്ചുകൂടാ....

മാനേജ്മെന്റിന്റെ ധാർഷ്ട്യത്തിനെതിരെ ജീവനക്കാർ പ്രതികരിക്കാൻ സമയമായിരിക്കുന്നു. 2017 മാർച്ച് 14 ന് ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രതിഷേധ ധർണ്ണയുടെ ഭാഗമായി തിരുവനന്തപുരം പവ്വർഹൗസിനു മുമ്പിൽ നടക്കുന്ന ധർണ്ണയിൽ അണിചേർന്ന് പ്രതിഷേധ ധർണ്ണ വിജയിപ്പിക്കുവാൻ താങ്കളെയും ക്ഷണിക്കുന്നു.

ധർണ്ണ **വി.എസ് ശിവകുമാർ എം.എൽ.എ** ഉദ്ഘാടനം ചെയ്യും. കെ.എസ്. ശബരീനാഥൻ എം.എൽ.എ, എം. വിൻസന്റ് എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽകുമാർ, ഐ.എൻ.റ്റി.യു.സി നേതാക്കളായ സുബോധനൻ, ചാല നാസർ, കേരളാ ഇല: എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ്, ട്രഷറർ വി. ഗോപകുമാർ, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് കെ.ബി. നന്ദകുമാർ തുടങ്ങിയവർ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.

അഭിവാദ്യങ്ങളോടെ, തിരുവനന്തപുരം ജില്ലാകമ്മറ്റിക്കു വേണ്ടി

**ആർ. അജിത് കുമാർ**
*ജില്ലാ വർക്കിംഗ് പ്രസിഡന്റ്*

**എസ്. പ്രതീപ് കുമാർ**
*ജില്ലാ സെക്രട്ടറി*

**കേരളാ ഇല: എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)**
**കെ. പി ധനപാലൻ, സിബിക്കുട്ടി ഫ്രാൻസിസ് സിന്ദാബാദ്**

ദീർഘകാലകരാറിലുള്ള ഷിഫ്റ്റ് സമ്പ്രദായം ഉടൻ നടപ്പിലാക്കുക.

വർക്കർ തസ്തികയിലേക്ക് അഡ്വൈസ് ചെയ്തവർക്ക് ഉടൻ നിയമന ഉത്തരവ് അയക്കുക.

സെക്ഷനാഫീസുകളിലെ സീനിയർ അസിസ്റ്റന്റ് തസ്തിക വെട്ടിക്കുറയ്ക്കാനുള്ള നീക്കം ഉപേക്ഷിക്കുക.

സബ് എഞ്ചിനീയർ ട്രെയിനിമാരുടെ കാലാവധി ദീർഘിപ്പിക്കുക.

ഓവർസിയർ, സബ് എഞ്ചിനീയർ പ്രമോഷനുകൾ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്ത് നടപ്പിലാക്കുക.

2017 ജനറൽ ട്രാൻസ്ഫർ പൂർണ്ണമായും ഓൺലൈൻ ആക്കുക.

പകപോക്കൽ ട്രാൻസ്ഫറുകൾ റദ്ദ് ചെയ്യുക.

പുതിയ 30 സെക്ഷനുകളിൽ തസ്തികകൾ ഉടൻ അനുവദിക്കുക.

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പ്രമോഷൻ വഴി നികത്തുക.

പെൻഷൻ പ്രായം വർദ്ധിപ്പിക്കുക.

ജനറൽ ട്രാൻസ്ഫറിൽ മെഡിക്കൽ പ്രൊട്ടക്ഷൻ തീരുമാനിക്കുന്നതിന് അംഗീകൃത യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുക.

കോടതി കേസുമൂലം മുടങ്ങിക്കിടക്കുന്ന പ്രമോഷനുകൾ പ്രൊവിഷണലായി നടപ്പിലാക്കുക.

മാസ്റ്റർ ട്രസ്റ്റിനു നൽകാനുള്ള 12000 കോടി രൂപ ഉടൻ നൽകുക.

ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതികൾ പുനരാലോചിച്ച് നടപ്പിലാക്കുക.